കിളിമാനൂരിലെ ആശുപത്രികൾ

400. [585] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിൽ ഡോക്ടർമാരോ ബഡ്ഡുകളോ ഇല്ലാത്ത ആശുപത്രികളിൽ ഡോക്ടർമാരേയും ബഡ്ഡുകളും എത്തിക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കുമോ ;

(ബി) കിളിമാനൂർ നിയോജകമണ്ഡലത്തിൽ ഡോക്ടർമാർ ഇല്ലാത്ത ആശുപത്രികൾ ഉണ്ടോ ; എങ്കിൽ എത്ര ;

(സി) അവിടെ ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ; കിളിമാനൂർ നിയോജകമണ്ഡലത്തിലെ വാഹനങ്ങളില്ലാത്ത ആശുപത്രികളിൽ അവ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിലെ കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെൻറിലും മടവൂർ, കരവാരം എന്നീ ഗവൺമെൻറ് ഡിസ്പെൻസറികളിലും അനുവദിക്കപ്പെട്ട എല്ലാ തസ്തികകളിലും ഡോക്ടർമാർ ജോലിചെയ്തുവരുന്നുണ്ട്. പ്രസ്തുത ആശുപത്രികളിൽ ഇനിയും ആവശ്യമുള്ള കിടക്കകൾ കൊടുക്കുന്നതിനുവേണ്ട നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു.

(ബി) ഇല്ല.

(സി) ഡോക്ടർമാരെ നിയമിച്ചു കഴിഞ്ഞിട്ടുണ്ട്. കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെൻറിലേക്ക് ഒരു വാഹനം അനുവദിച്ചിട്ടുണ്ട്. ഗവൺമെൻറ് ഡിസ്പെൻസറികൾക്ക് വാഹനം അനുവദിക്കാറില്ല.

കേശവപുരം ഗവൺമെൻറ് ആശുപത്രി

401. [586] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന കേശവപുരം ഗവൺമെൻറ് ആശുപത്രിയിൽ എത്ര കിടക്കകൾ അനുവദിച്ചിട്ടുണ്ട് ;

(ബി) അനുവദിച്ച കിടക്കകൾ അനുസരിച്ച് ഡോക്ടർമാരേയും മറ്റ് സ്റ്റാഫിനേയും നിയമിച്ചിട്ടുണ്ടോ ;

(സി) എത്ര സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ അവിടെ ജോലി ചെയ്യുന്നുണ്ട് ;

(ഡി) ഏതെല്ലാം വിഭാഗത്തിൽ ; എത്ര പേർ വീതം ;

(ഇ) കേശവപുരം ഗവൺമെൻറ് ആശുപത്രിക്ക് നിലവിലുള്ള കെട്ടിട സൗകര്യം വളരെ പരിമിതമാണെന്ന് സർക്കാരിൻറെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ പുതിയതായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള വല്ല പദ്ധതിയും സർക്കാരിനുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഉണ്ടെങ്കിൽ അത് എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 37.

(ബി) ഉണ്ട്.

(സി) 2.

(ഡി) സർജറിയിലും ഗൈനക്കോളജിയിലും ഓരോ ഡോക്ടർ വീതം.

(ഇ) ഉണ്ട്.

(എഫ്) പരിഗണനയിലുണ്ട്.

(ജി) 1986-87-ൽ സാമ്പത്തിക ലഭ്യതയനുസരിച്ച് 30 കിടക്കകളുള്ള ഒരു വാർഡിന്റെ പണി തുടങ്ങുന്നതാണ്.

കോഴിക്കോട് മെഡിക്കൽ കോളേജിലെ ഹരിജൻ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

402. [587] ശ്രീമതി ഗൗരി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ വിവിധ കോഴ്സുകളിൽ പഠിക്കുന്നഹരിജൻ വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ്, പോക്കറ്റ് മണി, ഹോസ്റ്റൽ ചെലവുകൾ എന്നീ ആനുകൂല്യങ്ങൾ തടഞ്ഞുവയ്ക്കാനും അവരിൽ നിന്ന് ഹോസ്റ്റൽ ഫീസും മറ്റും ഈടാക്കുന്നതിനും ജില്ലാ വെൽഫെയർ ഓഫീസർ ഉത്തരവിട്ട സംഗതി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ ;

(സി) ഹരിജൻ വിദ്യാർത്ഥികളിൽനിന്നും ഹോസ്റ്റൽ ചാർജ് ഈടാക്കുന്ന നടപടി ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 23-5-1985-ലെ (എം. എസ്.) 34/85/ ഹ. ക്ഷേ. വ. നമ്പർ ഉത്തരവു പ്രകാരം ആനുകൂല്യങ്ങൾ സ്വീകരിച്ചുകൊണ്ട് ഒരു പോസ്റ്റ് മെട്രിക്ക് കോഴ്സിനു ചേർന്നു പഠിച്ചിട്ട് അത് വിജയകരമായി പൂർത്തിയാക്കാതെ രണ്ടാമതൊരു പോസ്റ്റ് മെട്രിക്ക് കോഴ്സിനു ചേർത്താൽ രണ്ടാമത്തെ കോഴ്സിനു മുഴുവൻ ആനുകൂല്യങ്ങളും നൽകേണ്ടതില്ല എന്ന് വ്യവസ്ഥചെയ്തു. ഇതിന്റെ അടിസ്ഥാനത്തിലാണ് ജില്ലാ വെൽഫെയർ ഓഫീസർ അങ്ങനെയുള്ള വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ തടഞ്ഞുവച്ചത്. 20-3-1986-ലെ ഉത്തരവനുസരിച്ച് മെഡിക്കൽ വിദ്യാർത്ഥികളെയും എഞ്ചിനീയറിംഗ് വിദ്യാർത്ഥികളെയും പിന്നീട് ഇതിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.

(സി) മെഡിക്കൽ, എഞ്ചിനീയറിംഗ് കോളേജുകളിൽ എം. ബി. ബി. എസ്., ബി. എസ്സി. (എഞ്ചിനീയറിംഗ്) എന്നീ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ ഈ വ്യവസ്ഥയിൽ നിന്നും ഒഴിവാക്കി അവർക്ക് എല്ലാ ആനുകൂല്യങ്ങളും നൽകുന്നതിനും 20-3-1986-ൽ (എം. എസ്.) 24/86/പജ. പവ. വി. വ. നമ്പർ ഉത്തരവു പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly